ബ്ലോക്ക് പഞ്ചായത്തുകളിലെ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ

107 (6025) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ബ്ലോക്ക് പഞ്ചായത്തുകളിൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് കൂടുതലായി പഞ്ചായത്തുകൾക്ക് നടപ്പിലാക്കാൻ കഴിയുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 391 ഗ്രാമപഞ്ചായത്തുകളിൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ 33 ബ്ലോക്ക് പഞ്ചായത്തുകൾ ക്രോഡീകരിച്ചിട്ടുണ്ട്.

(ബി) നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലൂടെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ കാർഷിക വികസന പ്രവൃത്തികൾ, മണ്ണു-ജലസംരക്ഷണ പ്രവർത്തികൾ, ഹോർട്ടികൾച്ചർ തുടങ്ങിയവ വ്യാപകമായി ചെയ്യാവുന്നതാണ്. പ്രസ്തുത പ്രവർത്തികൾ നടത്തപ്പെടുന്നതിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശികമായി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

ത്രിതല പഞ്ചായത്തുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ

108 (6026) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തം എത്ര ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ , ജില്ലാപഞ്ചായത്തുകൾ എന്നിവ ഉണ്ട് എന്നു വ്യക്തമാക്കാമോ ;

(ബി) ഇതിൽ ശുചിത്വത്തിനായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിർമ്മൽ ഗ്രാമപുരസ്കാരത്തിന് എത്ര ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ അർഹരായെന്ന് വെളിപ്പെടുത്തുമോ ;

(സി) 2001-ൽ സംസ്ഥാനത്താരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സമ്പൂർണ്ണ ശുചിത്വ യജ്ഞം' പൂർണ്ണമായും ലക്ഷ്യം കാണുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ പദ്ധതിക്ക് കീഴിൽ നടപ്പാക്കിയ പ്രധാനപ്പെട്ട ശുചീകരണ പ്രവർത്തനങ്ങൾ എന്തൊക്കെ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഖരമാലിന്യ സംസ്കരണത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച 1986.99 ലക്ഷം രൂപയിൽനിന്ന് സംസ്ഥാനം ചെലവഴിച്ചതെത്രയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) മാലിന്യമുക്ത കേരളം യാഥാർത്ഥ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 999 ഗ്രാമപഞ്ചായത്തുകളും, 152 ബ്ളോക്ക് പഞ്ചായത്തുകളും, 14 ജില്ലാ പഞ്ചായത്തുകളും ഉണ്ട്.

(ബി) 869 ഗ്രാമ പഞ്ചായത്തുകളും, 105 ബ്ളോക്ക് പഞ്ചായത്തുകളും 6 ജില്ലാ പഞ്ചായത്തുകളും നിർമ്മൽ ഗ്രാമ പുരസ്ക്കാരത്തിന് അർഹരായി.

(സി) 2001-ൽ ആരംഭിച്ച പ്രോജക്ടിന്റെ നിർവ്വഹണ കാലാവധി അവസാനിച്ചിട്ടില്ല. പ്രോജക്ടിന്റെ നിർവ്വഹണം ഇപ്പോൾ അവസാന ഘട്ടത്തിലാണ്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 956753 കുടുംബങ്ങൾക്കും, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള 142689 കുടുംബങ്ങൾക്കുമുള്ള കക്കൂസുകൾ, 874 ശുചിത്വ സമുച്ചയങ്ങൾ, 3589 സ്കൂൾ ടോയ്ലറ്റുകൾ, 4984 അംഗനവാടി ടോയ്ലെറ്റുകൾ എന്നിവയ്ക്കൊപ്പം 125 പഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിനായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ഇ) ഖരമാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്തിന് അനുവദിച്ച 1986.99 ലക്ഷം രൂപയിൽ കേന്ദ്ര വിഹിതം 1193.39 ലക്ഷം രൂപയും, സംസ്ഥാന വിഹിതം 396.8 ലക്ഷം രൂപയും ഗുണഭോക്തൃ/പഞ്ചായത്ത് വിഹിതം 396.8 ലക്ഷം രൂപയുമാണ്. ഇതിൽ കേന്ദ്ര വിഹിതമായി 155.04 ലക്ഷം രൂപ നാളിതുവരെ ചിലവഴിച്ചിട്ടുണ്ട്.

(എഫ്) മാലിന്യമുക്ത കേരളം പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് താഴെപറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. ഗാർഹിക കക്കൂസുകളുടെ സാർവ്വത്രിക വ്യാപനം
2. പൊതുസ്ഥാപനങ്ങളിലെ കക്കൂസുകളുടെ (അംഗനവാടി, സ്കൂൾ, ആശുപത്രികൾ തുടങ്ങിയവ) സാർവ്വത്രിക വ്യാപനം.
3. ഗാർഹിക-പൊതുസ്ഥാപന ഖരമാലിന്യ മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കൽ.
4. വികേന്ദ്രീകൃത പൊതു സംസ്കരണ സംവിധാനങ്ങൾ
5. തിരസ്കൃത മാലിന്യങ്ങൾ പൊതുവായി സംസ്കരിക്കൽ.
6. വൃത്തിയും ശുചിയുമുള്ള കോളനികൾ.
7. ചപ്പുചവറുകളില്ലാത്ത പൊതു സ്ഥലങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

8. ദ്രവമാലിന്യ സംസ്കരണ പദ്ധതി.

9. മലിനജല നിർമ്മാർജന സൗകര്യങ്ങൾ ഉണ്ടാക്കൽ.

കൊച്ചി നഗരത്തെ മാലിന്യമുക്തമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

109 (6027) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. എം. മോനായി :
ശ്രീ. സാജു പോൾ :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിശാലകൊച്ചിയുടെ വികസനം കേന്ദ്ര സർക്കാർ മരവിപ്പിക്കാൻ കാരണമായ മലിനീകരണം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മലിനീകരണം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ മലിനീകരണ നിയന്ത്രണബോർഡും തദ്ദേശ സ്വയംഭരണ വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാർ മരവിപ്പിക്കൽമൂലം ഏതെല്ലാം വികസന പദ്ധതികളാണ് മുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊച്ചി നഗരത്തെ മാലിന്യമുക്തമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ക്രമമായി നടത്തുന്ന ജല, വായു ഗുണനിലവാര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജലം, വായു, മണ്ണ് എന്നിവയുടെ മലിനീകരണ സാധ്യത കണക്കിലെടുത്ത് 'Comprehensive Environment Pollution Index' നെ അടിസ്ഥാനമാക്കി വ്യവസായ ക്ലസ്റ്ററുകളെ Critically Polluted, Severely Pollute എന്നിങ്ങനെ തരംതിരിച്ചു. ഇതിൽ ക്രിറ്റിക്കലി മലിനപ്പെട്ടതായി കണ്ടെത്തിയ 41 വ്യവസായ ക്ലസ്റ്ററുകളിൽ കേന്ദ്ര സർക്കാരിന്റെ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരം എൻവയോൺമെന്റൽ ക്ലിയറൻസ് ആവശ്യമുള്ള വികസന പദ്ധതികൾക്ക് കേന്ദ്രപരിസ്ഥിതി വന മന്ത്രാലയം 2010, ഓഗസ്റ്റ് വരെ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണത്തിനും പ്രതിരോധത്തിനും സുരക്ഷിതത്വത്തിനും ദേശീയ പ്രാധാന്യമുള്ള കാര്യങ്ങൾക്കുമായുള്ള പദ്ധതികൾക്ക് നിരോധനം ബാധകമല്ല. 8 മാസത്തിനുള്ളിൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡുമായി ആലോചിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ ഈ പ്രദേശങ്ങളിലെ പരിസ്ഥിതി ഗുണനിലവാരം മെച്ചപ്പെടുത്താൻ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. 2010 ആഗസ്റ്റിനുശേഷം പരിസ്ഥിതി ഗുണനിലവാരം കണക്കിലെടുത്ത് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. 41 ക്രിറ്റിക്കലി പൊലൂട്ടഡ് മേഖലകളിൽ 24 -ാം സ്ഥാനമാണ് വിശാല കൊച്ചിക്കുള്ളത്. ഏലൂർ, ഇടയാർ, അമ്പലമുകൾ പ്രദേശങ്ങളിലാണ്

LIBRARY ARCHIVES Kerala Legislative Assembly